- തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കി കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്.
- കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിനും വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ, എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകളും വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്.
- വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും, വലിച്ച് മാറ്റുന്നതിനുമായി കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ ടഗ്ഗുകൾ കമ്മീഷൻ ചെയ്തു.
- 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.
- സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
- കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- മത്സ്യമാംസാദികൾ, പച്ചക്കറികൾ, തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.
- കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടികൾ

1(1731) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനസമ്പർക്ക പരിപാടികളിൽ എത്ര പരാതികളും അപേക്ഷകളും ലഭിച്ചു; ആവശ്യങ്ങൾ തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കാമോ; എത്ര പദ്ധതികളിലും അപേക്ഷകളിലും തീർപ്പുണ്ടായി ;

(സി) കാസർകോട് ജനസമ്പർക്ക പരിപാടികളിൽ ജില്ലയ്ക്കുവേണ്ടി പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികൾ പൂർത്തീകരിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 2011, 2013, 2015 വർഷങ്ങളിലായി മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തി.

(ബി) കൂടുതലായും റവന്യൂ തദ്ദേശസ്വയംഭരണം സിവിൽസപ്ലൈസ്, സാമൂഹികനീതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ആവശ്യങ്ങളിൽ മൂന്ന് ജനസമ്പർക്ക പരിപാടികളിലുമായി 63,254 അപേക്ഷകൾ ലഭിച്ചു. അവയിൽ നാളിതുവരെ 62,908 അപേക്ഷകൾ തീർപ്പാക്കി.

(സി) ജനസമ്പർക്ക പരിപാടി 'കരുതൽ 2015-ൽ' ജില്ലയിൽ പ്രഖ്യാപിച്ച പത്ത് പദ്ധതികൾ ചുവടെ ചേർക്കുന്നു :

(1) മംഗലാപുരത്തെ ആശുപത്രികളും കാരുണ്യപദ്ധതിയിൽ

(2) മെഡിക്കൽ കോളേജ് നിർമ്മാണം

(3) 100 എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വീട്

(4) കടാശ്വാസത്തിന് പ്രത്യേക പദ്ധതി

(5) ആധുനിക സൗകര്യങ്ങളോടെ പുനരധിവാസ ഗ്രാമം

6) മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കാശുപത്രികൾ

(7) ബാവിക്കര റഗുലേറ്റർ പദ്ധതി പൂർത്തീകരണം

(8) നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാൻഡിന് സ്ഥലം

(9) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം

(10) നീലേശ്വരം-പള്ളിക്കര റയിൽവേ മേൽപ്പാലം.

എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് സർക്കാർ തലത്തിലും മറ്റ് വിവിധ തലങ്ങളിലും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly